# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1703

10/02/2020-ൽ
മറുപടിയ്ക്ക്

## വിദ്യാർത്ഥി പ്രതിനിധികളുടെ വിദേശയാത്ര

**ചോദ്യം** **മറുപടി**

ശ്രീ.മഞ്ഞളാംകുഴി അലി :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥി നേതാക്കൾക്കോ വിദ്യാർത്ഥി പ്രതിനിധികൾക്കോ വിദേശ രാജ്യത്ത് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നല്കുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും, പഠനവും, പ്രമുഖരുമായുള്ള ആശയ സംവാദവും, ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. |
| (ബി) | പരിശീലന പരിപാടിക്കായി ഏതെല്ലാം കോളേജിലെ ഏതെല്ലാം വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്ന നിലയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഓരോ വിദ്യാർത്ഥിയ്ക്കും ഏകദേശം എത്ര രൂപ വീതം ആകെ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാരെയാണ് പ്രസ്തുത പരിശീലന പരിപാടിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെയും കോളേജിന്റെയും പട്ടിക അംഗീകരിച്ച് അന്തിമ തീരുമാനം ആയിട്ടില്ല; വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്ന നിലയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. ഒരു വിദ്യാർത്ഥിക്ക് 823/- യൂറോ എന്ന നിരക്കിൽ പരമാവധി 75 വിദ്യാർത്ഥികൾക്ക്, കോഴ്സ് ഫീ, |

| | | | |
|---|---|---|---|
| | | | കോഴ്സ് മെറ്റീരിയലുകൾ, സർട്ടിഫിക്കറ്റ്, കോഴ്സ് ഇവാല്യുവേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് 61,700/- യൂറോ ആണ് ആകെ ചിലവ്. യാത്ര ടിക്കറ്റ്, വിസ തുടങ്ങിയവയുടെ നിരക്കുകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പരിശീലനപരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും സാമ്പത്തിക അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനകാര്യ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ; ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുള്ള നിർദ്ദേശമെന്തെന്ന് അറിയിക്കുമോ? | (സി) | ഇല്ല. ഈ പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**